# ഏശ 45:18 – 46:4
# യോഹ. 1: 29 – 34 (1:29 – 42)

ജനുവരി 25 : ദനഹാ മൂന്നാം ഞായർ

## ഭാഷ്യം

### ഏശ 45:18 – 46:4

#### I. സന്ദർഭം

ബാബിലോൺ അടിമത്തത്തിനും അവസാനമുണ്ടാകും. കുറച്ചു കാലത്തേക്കു മാത്രമാണ് ദൈവം തന്റെ ജനത്തെ അടിമത്തത്തിനും കഷ്ടതയ്ക്കുമായി വിട്ടുകൊടുത്തിരിക്കുന്നത്. അതിനുശേഷം അവിടുന്ന് അവർക്കുവേണ്ടി ശക്തിയായി ഇടപെടുകതന്നെ ചെയ്യും. കാരണം അവിടുന്നല്ലാതെ വേറെ ദൈവമില്ല. വിജാതീയരുടെ വിഗ്രഹങ്ങൾ കല്ലുകൊണ്ടും ലോഹങ്ങൾകൊണ്ടും നിർമ്മിതമായിരിക്കുന്ന വെറും കാഴ്ചവസ്തുക്കൾ മാത്രമാണ്. ജനത്തെ രക്ഷിക്കാൻ അവർക്കു കഴിയുകയില്ല. ഈ സത്യം പ്രവാസികളെ ബോദ്ധ്യപ്പെടുത്തുകയാണ് പ്രവാചകൻ ഇന്നത്തെ വായനയിലൂടെ.

#### II. പ്രമേയം

1. കർത്താവല്ലാതെ വേറെ ദൈവമില്ല. വിജാതീയരുടെ വിഗ്രഹങ്ങൾ മനുഷ്യന്റെ കൈവേല മാത്രം.
2. വിഗ്രഹങ്ങൾക്കു മനുഷ്യനെ സഹായിക്കാൻ കഴിയുകയില്ല.
3. ഇസ്രായേലിനെ എല്ലാക്കാലത്തും കാത്തുരക്ഷിക്കുന്നവൻ ദൈവമായ യഹോവയത്രേ.
4. കർത്താവ് ഇസ്രായേലിന് വാഗ്ദാനം ചെയ്യുന്ന രക്ഷ എക്കാലവും നിലനിൽക്കുന്നതാണ്.

#### III. സന്ദേശം

1. മനുഷ്യനിർമ്മിതമായ കല്ലുകൊണ്ടും വിവിധ ലോഹങ്ങൾ കൊണ്ടുമുള്ള

വിഗ്രഹങ്ങളെ ആരാധിക്കുക എന്നത് ഇന്ന് അപൂർവ്വമാണ്. ചില സ്വാഭാവിക മതങ്ങളിൽ വിഗ്രഹങ്ങളെ ആരാധിക്കുന്ന തരത്തിലുള്ള ആചാരങ്ങൾ നില നിൽക്കുന്നുണ്ടെങ്കിലും ഏറിയ പങ്കും, ആ വിഗ്രഹങ്ങൾക്കു പുറകിലെ ശക്തിയെയാണ് വണങ്ങുന്നതും മതാത്കമായ രീതിയിൽ പരിഗണിക്കുന്നതും. എന്നാൽ വിഗ്രഹാരാധനയ്ക്ക് ആഴമായ അർത്ഥമാണുള്ളത്. യഹോവയെ ഒഴികെ ഏത് ശക്തിയെയും സംവിധാനത്തെയും ആശയങ്ങളെയും ജീവിത ത്തിലെ പരമപ്രധാനമായ യാഥാർത്ഥ്യമായി കണക്കാക്കുന്നത് വിഗ്രഹാരാധന യാണ്.

2. സീനായ് ഉടമ്പടിയുടെ (പുറ 20-24) പശ്ചാത്തലത്തിൽ വേണം പഴയ നിയമത്തിലെ വിഗ്രഹാരാധനയ്ക്ക് എതിരെയുള്ള പ്രബോധനങ്ങളെ മനസ്സി ലാക്കാൻ. "അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽ നിന്ന് നിന്നെ പുറത്തു കൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്; ഞാൻ അല്ലാതെ വേറെ ദേവന്മാർ നിനക്കുണ്ടാകരുത്" (പുറ 20:3). ദൈവം ആഗ്രഹിക്കുന്നത് പരിപൂർ ണ്ണമായ വിശ്വസ്തതയും സമർപ്പണവുമാണ്. ഈ വിശ്വസ്തത പ്രകടമാക്കേ ണ്ടത് പ്രഥമമായും പത്തുപ്രമാണങ്ങൾ അനുസരിക്കുന്നതുവഴിയാണ്.

3. ആധുനിക കാലഘട്ടത്തിലെ വിഗ്രഹങ്ങൾ പൊന്നും, വെള്ളിയും കൊണ്ട് നിർമ്മിച്ചവയാകണമെന്നില്ല. അധികാരം, സമ്പത്ത്, സ്വാധീനം, ആശയഗതി കൾ ഇവയെല്ലാം വിഗ്രഹങ്ങളായിത്തീരാം. ഒരുവന്റെ ജീവിതത്തിൽ ഈ വക കാര്യങ്ങൾക്ക് കേന്ദ്രപ്രാധാന്യം കൊടുക്കുകയും ജീവിതത്തിന്റെ പരമലക്ഷ്യ മായി ഇവയെ കാണുകയും ചെയ്യുമ്പോൾ യഥാർത്ഥത്തിൽ വിഗ്രഹാരാധന തന്നെയാണ് നടക്കുന്നത്.

4. ഒരു ക്രിസ്തുവിശ്വാസിയെ സംബന്ധിച്ചിടത്തോളം വേറൊരു വിധത്തി ലും വിഗ്രഹാരാധന കുറ്റകരമായിത്തീരും. യേശുക്രിസ്തുവിൽ ദൈവം മനുഷ്യവർഗ്ഗത്തിനുവേണ്ടി ചെയ്തകാര്യങ്ങളെല്ലാം അറിയുകയും മനസ്സി ലാക്കുകയും ചെയ്തിട്ടുള്ള വ്യക്തിയെന്ന നിലയിൽ, യേശുവിലൂടെ വെളിപ്പെടു ത്തപ്പെട്ട ദൈവകൃപയെ നിരാകരിക്കുകയാണ് അവൻ അതുവഴിയായി ചെയ്യുന്നത്.

**ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ**

# യോഹ. 1: 29-34 (1:29-42)

## I. സന്ദർഭം

സ്നാപക യോഹന്നാന്റെ ദൗത്യം ദൈവപുത്രനു സാക്ഷ്യം നൽകുകയെ ന്നതാണ്. തന്റെ ദൗത്യം സ്നാപകൻ തുടക്കം മുതലേ ചെയ്യുന്നു (1:6-9; 1:14 -18, 1:19-27). ക്രിസ്തു ദൈവപുത്രനാണെന്നും മനുഷ്യരക്ഷയ്ക്കായി സ്വയം ബലിയായി തീരേണ്ട കുഞ്ഞാടാണെന്നും യോഹന്നാൻ വിളിച്ചു പറയുന്ന താണ് സന്ദർഭം.

## II. പ്രമേയം

യോഹന്നാൻ ക്രിസ്തുവിനെക്കുറിച്ച് സാക്ഷ്യം നല്കുന്നത് "ദൈവത്തിന്റെ കുഞ്ഞാട്" എന്നു മാത്രം പറഞ്ഞല്ല. മറിച്ച്, "ലോകത്തിന്റെ പാപം നീക്കുന്ന" എന്ന വിശേഷണത്തോടെയാണ്. പാപം നിറഞ്ഞ ലോകത്തിന് പാപത്തിൽ നിന്നും മോചനം നൽകുക, പിതാവുമായി മനുഷ്യകുലത്തെ രമ്യപ്പെടുത്തുക ഇതാണ് ക്രിസ്തു ദൗത്യം.

## III. സന്ദേശം

1. യോഹന്നാൻ തന്നെത്തന്നെ വിശേഷിപ്പിക്കുക മണവാളന്റെ സ്നേഹിതനായിട്ടാണ് (3:29). യേശുവിനെ ലോകത്തിന്റെ പാപങ്ങൾ നീക്കുന്നവനാണെന്ന് വിശേഷിപ്പിച്ചുകൊണ്ട് ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നത്. യോഹന്നാൻ സുവിശേഷകൻ ഉപയോഗിച്ചിരിക്കുന്ന പദം 'പാപം' എന്നാകുന്നു. 'പാപങ്ങൾ' എന്നല്ല. 'പാപങ്ങൾ' എന്നായിരുന്നെങ്കിൽ എതാനും ചിലതുമാത്രം ആയേനെ. എന്നാൽ, 'പാപം' എല്ലാ പാപങ്ങളേയും മുഴുവനായും ഉൾക്കൊള്ളുന്നു. എല്ലാ പാപങ്ങളുടെയും മൂല കാരണം സ്വാർത്ഥതയാകുന്നു. എല്ലാം എനിക്കു വേണ്ടിയെന്ന രീതി. നിന്നിലെ സ്വാർത്ഥതയെ നീക്കിക്കളയുന്നവനാണ് ക്രിസ്തു. നീ ക്രിസ്തുവിനെക്കൊണ്ട് നിറയുക. നിന്നിലെ സ്വാർത്ഥത കുറഞ്ഞുവരും. നീ ദൈവികനായി മാറും.

2. സ്നാപകയോഹന്നാൻ തന്റെ ദൗത്യം ഒരിക്കൽ കൂടി വിളിച്ചു പറയുകയാണ്, "ഇവനെ ഇസ്രായേലിനു വെളിപ്പെടുത്താനാണ് ഞാൻ വന്നത്" (1:31). നിന്റെ സഹചരിലെ നന്മകൾ വെളിപ്പെടുത്തുകയായിരിക്കണം നിന്റെ ദൗത്യം. അവരിൽ ഒളിഞ്ഞിരിക്കുന്ന നന്മകൾ വെളിച്ചത്തു വരാൻ സഹായിക്കുമ്പോൾ നീ ക്രിസ്തുവിന് വഴിയൊരുക്കുന്നവനായിത്തീരും.

3. 'ഞാൻ കണ്ടു.' അതിനു സാക്ഷ്യം നല്കുന്നു. സ്നാപകൻ പഠിപ്പിക്കുന്നത് വളരെ വലിയ കാര്യമാണ്. ദൈവത്തെ അനുഭവിക്കുന്ന, അനുഭവിച്ച ദൈവത്തെ മറ്റുള്ളവരുടെ മുന്നിൽ അവതരിപ്പിച്ച് സാക്ഷ്യം നൽകുക. ദൈവാനുഭവങ്ങൾ മറച്ചു വയ്ക്കാനുള്ളതല്ല മറിച്ച് പങ്കുവയ്ക്കാനുള്ളതാണ്. സാക്ഷ്യം നല്കുന്ന ജീവിതം, ക്രൈസ്തവ ധർമ്മമാകുന്നു.

**ഡോ. തോമസ് മരോട്ടിക്കപറമ്പിൽ ഒസിഡി**

# പ്രസംഗം: വിനയമുള്ളവർ

മേരി ഫ്രാൻസീസ് അച്ചന്റെ 'നില്ക്കൂ ശാന്തമാകൂ' എന്ന പുസ്തകത്തിൽ വിവരിക്കുന്ന ഒരു സംഭവം ഇങ്ങനെയാണ്.

ക്ലാസിൽ പുതുതായി വന്ന അദ്ധ്യാപകൻ കുട്ടികളെക്കൊണ്ട് പാഠപുസ്തകം വായിപ്പിക്കുകയായിരുന്നു. ഒരു കുട്ടി ഇടം കൈയ്യിൽ പുസ്തകം പിടിച്ച് വായിക്കാൻ തുടങ്ങി. അതുകണ്ട് അദ്ധ്യാപകന് അരിശം വന്നു. അദ്ദേഹം പറഞ്ഞു "ഡേർട്ടി ഫെല്ലോ, വലതുകൈയ്യിൽ പുസ്തകം പിടിക്കെടോ. എന്നി

ട്ടു താനവിടെ ഇരുന്നോളൂ, താൻ വായിക്കണ്ട." എന്നാൽ കുട്ടി ഇരുന്നില്ല. അവൻ വലതുകരം പൊക്കി കാണിച്ചു. അതിനു കൈപ്പത്തി ഇല്ലായിരുന്നു. ഏതോ അപകടത്തിൽപ്പെട്ട് കൈപ്പത്തി നഷ്ടപ്പെട്ടുപോയിരുന്നു. കൈ കണ്ട അദ്ധ്യാപകൻ ഞെട്ടി. താൻ പറഞ്ഞ 'ഡേർട്ടി ഫെല്ലോ' താൻ തന്നെ എന്നൊരു തോന്നൽ. പൊട്ടിക്കരഞ്ഞുകൊണ്ട് അദ്ധ്യാപകൻ കുട്ടിയെ സമീപിച്ച് പറഞ്ഞു "എന്നോട് ക്ഷമിക്കില്ലേ? ദയവായി കുട്ടി എന്നോട് ക്ഷമിക്കണം." കരയുന്ന അദ്ധ്യാപകന്റെ മുമ്പിൽ കുട്ടിയും ക്ലാസുമുഴുവനും കരഞ്ഞുപോയി.

വർഷങ്ങൾക്കുശേഷം ഒരു ബൈബിൾ കൺവെൻഷൻ നടക്കുകയായിരുന്നു. ഒരു പ്രസംഗകൻ, അവതരിപ്പിച്ച വിഷയം 'വിനയവും വിശ്വാസവും' എന്നായിരുന്നു. വർഷങ്ങൾക്കുമുമ്പ് നടന്ന സംഭവമായ കൈപ്പത്തിയില്ലാത്ത കുട്ടിയുടെ കഥ പ്രസംഗത്തിലുണ്ടായിരുന്നു. വിശ്വാസികൾ വിനയമുള്ളവരായിരിക്കണമെന്ന് ആഹ്വാനം ചെയ്തുകൊണ്ട് പ്രസംഗം അവസാനിക്കുന്ന സമയം സദസിൽ നിന്നും ഒരു മധ്യവയസ്കൻ എഴുന്നേറ്റ് സ്റ്റേജിലേക്ക് വന്നിട്ട്, വിളിച്ചു പറഞ്ഞു. "സ്നേഹിതരേ, വിശ്വാസികളേ നമ്മുടെ പ്രസംഗകൻ പറഞ്ഞ സംഭവത്തിലെ കുട്ടി ഞാനായിരുന്നു. ഇതാ എന്റെ വലത്തേ കൈ. ഞാൻ ഒരു നിരീശ്വരവാദിയുടെ മകനായിരുന്നു. കുട്ടിക്കാലത്ത് എനിക്കും ദൈവവിശ്വാസം ഉണ്ടായിരുന്നില്ല. എന്നാൽ എന്റെ അദ്ധ്യാപകൻ കരഞ്ഞതും, മാപ്പ് ചോദിച്ചതുമായ സംഭവങ്ങൾ എന്നെ ഒരു വിശ്വാസിയാക്കിമാറ്റി. എന്റെ അദ്ധ്യാപകന്റെ എളിമയിൽക്കൂടി ഞാൻ ദൈവത്തെ കണ്ടു." വിശ്വാസികൾ വിനയമുള്ളവരായിരിക്കും എന്നു മാത്രമല്ല വിനയമുള്ളവൻ വിശ്വാസികളെ ജനിപ്പിക്കുകകൂടി ചെയ്യും.

സ്നാപകയോഹന്നാന്റെ എളിമയിൽകൂടി ശിഷ്യർ യേശുവിനെ കണ്ടു. സ്നാപകന്റെ വിനയം ശിഷ്യരെ യേശുവിന്റെ പക്കലേക്ക് എത്തിച്ചു. സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ സ്നാപകയോഹന്നാനെക്കാൾ വലിയവനില്ലെന്ന് യേശു തന്നെ പറഞ്ഞിട്ടുണ്ട്. എന്നിട്ടും യേശുവിന് വഴിയൊരുക്കാൻ വന്നവനാണ് താൻ എന്നുള്ള ചിന്ത വെടിയാതെ പിന്നാലെ വരുന്നവൻ തന്നേക്കാൾ വലിയവനാണെന്ന സന്ദേശം ശിഷ്യർക്ക് നൽകാൻ സ്നാപകന് കഴിഞ്ഞു.

കാഴ്ചപ്പാടിന്റെ ചക്രവാളം എത്ര ചെറുതാകുന്നുവോ അത്രയ്ക്കും എളുപ്പ ത്തിൽ അഹങ്കാരം വന്നു കയറും. എളിമയുള്ളവർക്കാണ് കൃപ ലഭിക്കുക. അങ്ങനെയുള്ളവരെ ദൈവം തന്റെ ഉപകരണങ്ങളാക്കും. തോറ്റു കൊടുക്കാൻ തയ്യാറില്ലാത്ത ലോകത്താണ് നമ്മൾ ജീവിക്കുന്നത്. നേഴ്സറി ക്ലാസു മുതൽ മത്സരമാണ്. അയൽപക്കക്കാരൻ വീടുപൊളിച്ച് വലിയ വീട് നിർമ്മിക്കുമ്പോൾ, അതിനേക്കാളും ഒരു നില കൂടി പണിയാൻ പരിശ്രമം.

ഇവിടെയാണ് ഇന്നത്തെ സുവിശേഷത്തിന്റെ പ്രസക്തി. യേശുവിന്റെ വലിപ്പം തിരിച്ചറിയുന്നിടത്താണ് യോഹന്നാന്റെ ദൗത്യം അർത്ഥപൂർണ്ണമാകുന്നത്. കൂടെയുള്ളവരിലെ മുന്തിയ നന്മയും വലിപ്പവും തിരിച്ചറിയാൻ

നമുക്ക് സാധിക്കണം. ചില ചെറിയ കാര്യങ്ങളിലെങ്കിലും നമ്മെക്കാൾ മുന്തിയവർ തന്നെയായിരിക്കും നമുക്കു ചുറ്റുമുള്ളവർ. ആ നന്മ തിരിച്ചറിഞ്ഞ് ചൂണ്ടിക്കാണിക്കുമ്പോഴാണ് അവൻ/അവൾ ദൈവപുത്രത്വത്തിലേക്ക് വളരുന്നത്. നമുക്ക് വിനയമുള്ളവരാകാം. വിശ്വാസികൾ വിനയമുള്ളവരായിരിക്കും എന്ന് മാത്രമല്ല വിനയമുള്ളവർ വിശ്വാസികളെ ജനിപ്പിക്കുകകൂടി ചെയ്യും.

**ഫാ. ഷിബു പുളിക്കൽ**